**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1961** **02-02-2024 - ൽ മറുപടിയ്ക്ക്**

**ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ പന്മന വട്ടക്കായലിലും കാട്ടിൽ ക്ഷേത്രത്തിന് മുന്നിലും പണി പൂർത്തിയാക്കിയ ബോട്ട് ജെട്ടികൾ ഉപയോഗപ്പെടുത്തി കരുനാഗപ്പള്ളിയിൽ നിന്നും കൊല്ലത്ത് നിന്നും ബോട്ട് സർവ്വീസ് ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | സംസ്ഥാന ജലഗതാഗത വകുപ്പ് നിലവിൽ കൊല്ലം കേന്ദ്രീകരിച്ചു മൂന്ന് പാസഞ്ചർ സർവ്വീസും, ഒരു ടൂറിസ്റ്റ് സർവ്വീസും നടത്തി വരുന്നു. കൊല്ലം സ്റ്റേഷനിൽ നിന്നും ഏകദേശം 2 മണിക്കൂർ സമയം സഞ്ചരിച്ചാൽ മാത്രമേ കാട്ടിൽ ക്ഷേത്രത്തിന്റെ ബോട്ട് ജെട്ടി, പന്മന ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളു. കൊല്ലം സ്റ്റേഷൻ കേന്ദ്രീകരിച്ച സർവ്വീസ് ആരംഭിക്കാനായി ഈ മേഖലയിലെ ബോട്ട് റൂട്ടുകളിൽ വിശദമായ പരിശോധന നടത്തി സർവ്വീസ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പ് വരുത്തിയശേഷം ബോട്ട് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ